പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1837 05.12.2014 - ൽ മറുപടിയ്ക്ക്

## ഹീമോഫീലിയ ധനസഹായ പദ്ധതി

ചോദ്യം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാമിഷൻ ഹീമോഫീലിയ ധനസഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എത്ര രോഗികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് സ.ഉ.(എം.എസ്)നം. 58/2014/സാ.നീ.വ തീയതി 04.07.2014 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെയായി 217 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫിലിയയും അനുബന്ധരോഗാവസ്ഥയും ഉള്ള രോഗബാധിതർക്ക് APL/BPL വ്യത്യാസമില്ലാതെ പ്രതിമാസം 1000/- രൂപ ധനസഹായം അനുവദിക്കുന്നു. |
| (ബി) | ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത രോഗികൾക്ക് കാരുണ്യ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ; | (സി) | ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | രോഗികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ഹീമോഫീലിയ രോഗികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**